# STD - XI

## അദ്ധ്യാപക സഹായി

**പാഠം – ഏഴ്** **ഭാഗം – ഒന്ന്**

## ദൈവാനുഭവം പ്രാർത്ഥനയിലൂടെ

### ലക്ഷ്യം

ദൈവസന്നിധിയിലേക്ക് നമ്മുടെ ആത്മാവിനെ ഉയർത്തി സ്നേഹസംഭാഷണങ്ങളിലൂ ടെയും അപേക്ഷകളായും നന്ദിയായും ദൈവത്തോട് സംസാരിക്കുന്നത്, ഇടപഴകു ന്നത് ഒക്കെ ഓരോ പ്രാർത്ഥനയാണ്. ഞാനുംദൈവവും മാത്രമായുള്ള ഒരിടമാകുന്നു പ്രാർത്ഥന. ദൈവവും മനുഷ്യനുമായുള്ള ആത്മബന്ധമാണ് പ്രാർത്ഥന. ഞാനും പ്രാർത്ഥനാപൂർവ്വം ദൈവസന്നിധിയിൽ നന്ദി പറഞ്ഞുകൊണ്ടിരിക്കും.

### പഠനസഹായികൾ

* സമ്പൂർണ്ണ ബൈബിൾ
* വചനം – തോബിത് 8:4–8 (തോബിയാസിന്റെ പ്രാർത്ഥന)
* യൂദിത്ത് 9 (യൂദിത്തിന്റെ പ്രാർത്ഥന)
* എസ്തേർ 14 (എസ്തേറിന്റെ പ്രാർത്ഥന)
* യൂ-ട്യൂബിൽ ലഭ്യമായ വിവിധ ഫുട്ബോൾ താരങ്ങൾ പ്രാർത്ഥിക്കുന്ന വീഡിയോ കൾ.

### പാഠത്തിന്റെ ഉള്ളടക്കം

* ജീവജലത്തിനായുള്ള ദാഹം
* പ്രാർത്ഥന : ദൈവാനുഭവത്തിനുള്ള മാർഗ്ഗം
* പ്രാർത്ഥന : നിർവചനം – മഹദ്വചനങ്ങൾ

### പ്രാർത്ഥന

ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ ആഴങ്ങളിൽ അങ്ങയോട് മനസ്സു ചേർന്നിരി ക്കാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ.

### ചോദ്യങ്ങൾ

1. പ്രാർത്ഥന എന്നാൽ എന്ത്?
2. ആത്മാവിന്റെ ദാഹം തീർക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. സമരിയാക്കാരിയുടെ അനുഭവത്തിലൂടെ വിവരിക്കുക

3. പ്രാർത്ഥനയെക്കുറിച്ച് ഏതെങ്കിലും 2 മഹദ്വ്യക്തികൾ പറഞ്ഞിരിക്കുന്ന വചനങ്ങൾ എഴുതുക.
4. ക്രൈസ്തവ പശ്ചാത്തലത്തിൽ പ്രാർത്ഥനയെക്കുറിച്ചുള്ള മൂന്ന് നിർവചനങ്ങൾ എഴുതുക.
5. പ്രാർത്ഥനയിലാണ് മനുഷ്യാത്മാവ് ദൈവവുമായി സംസാരിക്കുന്നത്. കാരണം എന്ത്?

# STD - XI

## അദ്ധ്യാപക സഹായി

**പാഠം - ഏഴ്** **ഭാഗം - രണ്ട്**

## ദൈവാനുഭവം പ്രാർത്ഥനയിലൂടെ

### ലക്ഷ്യം

പ്രാർത്ഥനയിലൂടെ ദൈവത്തോട് നിരന്തരം സമ്പർക്കം പുലർത്തി ദൈവാനുഭവങ്ങൾ സ്വന്തമാക്കണം. ദൈവത്തെ അനുഭവിക്കാൻ സാധിക്കണം.

### പഠനസഹായികൾ

* സമ്പൂർണ്ണ ബൈബിൾ
* വചനം - ഏശ. 6:1-7, ലൂക്കാ. 15:11-32, 1 യോഹ. 2:1, ലൂക്കാ. 17:11-19, റോമ. 8:34, 1 തെസ്സ. 5:18
* വചനം മത്തായി 6:9-15 (യേശു പഠിപ്പിച്ച പ്രാർത്ഥന)
* ചാർട്ട് - വിശുദ്ധ ഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനാ രൂപങ്ങളുടെ പേരുകൾ

### പാഠത്തിന്റെ ഉള്ളടക്കം

* അടിസ്ഥാനപരമായ പ്രാർത്ഥനാരൂപങ്ങൾ
* മധ്യസ്ഥ പ്രാർത്ഥന - യേശു എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു.
* കൃതജ്ഞതാ പ്രാർത്ഥന - എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ
* സ്തുതിപ്പ് - സ്തുതിക്കും മഹത്ത്വത്തിനും യോഗ്യനായവൻ ദൈവം മാത്രം
* കർത്തൃപ്രാർത്ഥന - സുവിശേഷം മുഴുവന്റെയും സംഗ്രഹമാണ്.
* ഈശോ പഠിപ്പിച്ച പ്രാർത്ഥന

### പ്രാർത്ഥന

പ്രാർത്ഥനയുടെ ഗുരുവും മാതൃകയുമായ നല്ല ദൈവമേ, ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ. അങ്ങനെ പ്രാർത്ഥനാനുഭവത്തിലൂടെ ക്രിസ്തുവുമായി കൂടുതൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. ആമേൻ.

## ചോദ്യങ്ങൾ

1. അടിസ്ഥാനപരമായ പ്രാർത്ഥനാരൂപങ്ങൾ ഏതെല്ലാം?
2. ദൈവത്തിനർപ്പിക്കുന്ന ഏറ്റവും വലിയ സ്തോത്രബലി എന്ത്?
3. എന്താണ് കർത്തൃപ്രാർത്ഥന?
4. എന്തുകൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥന കർത്തൃപ്രാർത്ഥനയെന്നു വിളിക്കുന്നു?
5. കർത്തൃപ്രാർത്ഥന ഏതെല്ലാം കൂദാശകളുടെ കാതലായ ഘടകമാണ്.

# STD - XI

## അദ്ധ്യാപക സഹായി

**പാഠം – ഏഴ്** **ഭാഗം – മൂന്ന്**

## ദൈവാനുഭവം പ്രാർത്ഥനയിലൂടെ

### ലക്ഷ്യം

പ്രാർത്ഥന മനുഷ്യന്റെ ഒരു നിർണായക ആവശ്യമാണ്. ഒരാൾ സ്വന്തംനിലയിൽ ദൈവത്തോടു, വിവിധ തരത്തിൽ വ്യക്തിപരമായി പ്രാർത്ഥിക്കാം. നമ്മൾ പ്രാർത്ഥിക്കുന്നതിനു മുമ്പേ നമ്മുടെ ഹൃദയവിചാരങ്ങൾ അറിയുന്ന ദൈവത്തിൽ നിത്യവും ആശ്രയിച്ചുകൊണ്ടും ദൈവത്തെ സ്തുതിച്ചുകൊണ്ടും ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ടും ജീവിക്കും.

### പഠനസഹായികൾ

* സമ്പൂർണ്ണ ബൈബിൾ
* വചനം – എസക്കിയേൽ 37:1–10 (അസ്ഥികളുടെ താഴ്‌വര)
* വചനം 1 സാമുവൽ 1, 2 അധ്യായങ്ങൾ (ഹന്നായുടെ പ്രാർത്ഥന)
* സ്വന്തം ജീവിതത്തിൽ പ്രാർത്ഥനയിലൂടെ ഉണ്ടായ ദൈവാനുഭവം കുട്ടികളുമായി പങ്കുവയ്ക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* ഏഴ് അപേക്ഷകൾ
* വിവിധ പ്രാർത്ഥനകൾ – വ്യക്തിപരം, വാചികം, സ്വയംപ്രേരിതം, മാനസികം
* പ്രാർത്ഥന: ചില സംശയങ്ങളും ഉത്തരങ്ങളും

### പ്രാർത്ഥന

സ്നേഹപിതാവേ, തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാനും എപ്പോഴും അങ്ങയെ വിളിച്ചപേക്ഷിക്കുവാനും അങ്ങനെ ക്രിസ്തുവുമായി ഒന്നുചേർന്ന് ആഴമാർന്ന ദൈവാനുഭവത്തിലേക്ക് എത്തിച്ചേരുവാനും എന്റെ ഹൃദയം അങ്ങയുടെ ഹൃദയത്തോട് ചേർത്തുവയ്ക്കുവാനും അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു, ആമേൻ.

### ചോദ്യങ്ങൾ

1. കർത്തൃപ്രാർത്ഥനയിലെ ഏഴ് അപേക്ഷകൾ ഏതെല്ലാം?
2. വിവിധ പ്രാർത്ഥനകൾ ഏതെല്ലാം? വിവരിക്കുക

3. വ്യക്തിപരമായ പ്രാർത്ഥന എന്നാൽ എന്ത്.? അതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? വിശദമാക്കുക
4. മാനസിക പ്രാർത്ഥന എന്താകുന്നു?
5. കൂട്ടായ പ്രാർത്ഥനയുടെ ആവശ്യകത എന്ത്?